ഏവം പരിഷ്വംഗകരാഭിമർശസ്നിഗ്ദ്ധേക്ഷണോദ്ദാമവിലാസഹാസൈ:
രേമേ രമേശോ വ്രജസുന്ദരീഭി ര്യഥാർഭക: സ്വപ്രതിബിംബവിഭ്രമ: (10-33-17)
ധർമ്മവ്യതിക്രമോ ദൃഷ്ട ഈശ്വരാണാം ച സാഹസം
തേജീയസാം ന ദോഷായ വഹ്നേ: സർവ്വ ഭുജോ യഥാ (10-33-30)
ഈശ്വരാണാം വച: സത്യം തഥൈവാചരിതം ക്വചിത്
തേഷാം യത് സ്വവചോയുക്തം ബുദ്ധിമാംസ്തത് സമാചരേത് (10-33-32)

*ശുകമുനി തുടർന്നു:*
കൃഷ്ണൻെറ പ്രേമസുരഭിലമായ വാക്കുകൾ കേട്ട് ഉല്ലാസത്തിമിർപ്പോടെ ഗോപികമാർ അവനു ചുറ്റും നിന്ന് രാസനൃത്തം തുടങ്ങി. കൃഷ്ണൻ തൻെറ ദിവ്യശക്തിയാൽ ഓരോ ജോടി ഗോപികമാർക്കിടയിലും കാണപ്പെട്ടു. നൃത്തം തുടങ്ങി. വിണ്ണവർ ഈ അപൂർവ്വ ദൃശ്യം കാണാൻ തിക്കിതിരക്കി ആകാശം നിറഞ്ഞു. കൃഷ്ണനും ഗോപികമാരും ആടിയുലഞ്ഞ് നൃത്തമാടി. അവരുടെ ശരീരങ്ങൾ അങ്ങുമിങ്ങും ആടി. ചുറ്റിത്തിരിഞ്ഞ് ചാടിയുലഞ്ഞ് അവരുടെ വസ്ത്രങ്ങളും ഉത്തരീയങ്ങളും കുറുനിരകളും കാറ്റിൽ പറന്നുകളിച്ചു. ഗോപികമാർ കൃഷ്ണൻെറ കൂടെ ഗാനമാലപിച്ചു. ഓരോരുത്തരും ഒന്നിനൊന്നു മെച്ചമായി കൃഷ്ണനൊപ്പം രാസലീലയിൽ പങ്കെടുത്തു. ഒരുവൾ തളർച്ചയോടെ കൃഷ്ണൻെറ തോളിൽ പിടിച്ചു. മറ്റൊരുവൾ പ്രേമപൂർവ്വം കൃഷ്ണൻെറ കയ്യിൽ ചുംബനമേകി ആനന്ദാനുഭൂതിയിലാറാടി നിന്നു. മറ്റൊരു ഗോപിക അൽപം തളർന്നിരുന്നു. അവൾ കൃഷ്ണൻെറ കൈത്തലം തൻെറ മാറിൽ ചേർത്തു വച്ചു. അങ്ങിനെ കൃഷ്ണൻെറ കൈകൾ തങ്ങളുടെ കഴുത്തിൽ ചുറ്റി അവൾ എല്ലാ രീതിയിലും ലീലയാടി. അവരെ തൊട്ടുപുൽകികൊണ്ട് പുഞ്ചിരിതൂകി നോക്കിക്കൊണ്ട് ഭഗവാൻ അവരുമായി രാസലീല തുടർന്നു. സ്വന്തം നിഴലിനെ നോക്കിക്കളിക്കുന്ന കുട്ടിയെപ്പോലെ അപ്പോൾ ഭഗവാൻ കാണപ്പെട്ടു. ആ സമയം ചന്ദ്രനും താരകളും മറ്റു ഗ്രഹങ്ങളും നക്ഷത്രസഞ്ചയങ്ങൾ അപ്പാടെ നിശ്ചലമായി നിന്നുപോയി എന്ന് പറയപ്പെടുന്നു. ഈ അതിശയ ദൃശ്യത്തെ ഭഗവാൻെറ ലീലാവിലാസത്തെക്കണ്ട് ഭഗവാൻ തൻെറ സ്വസത്തയിൽ അഭിരമിക്കുന്നതിനു സാക്ഷ്യം വഹിച്ച് അവരങ്ങിനെ നിന്നു. ഗോപികമാരാൽ ചുറ്റപ്പെട്ട കൃഷ്ണൻ നദീജലത്തിലേക്കിറങ്ങി. അവിടെ ഗോപികമാരുമായി കൃഷ്ണൻ ജലക്രീഡയിലാണ്ടു. പരസ്പരം വെള്ളം തട്ടിത്തെറിപ്പിച്ച് അവർ കളിക്കുന്നതുകണ്ട് സ്വർഗ്ഗവാസികൾ സന്തോഷിച്ചു. അതുകഴിഞ്ഞ് കൃഷ്ണൻ നദീതീരത്തെ പൂന്തോപ്പുകളിലും പഴത്തോട്ടങ്ങളിലും ഗോപികമാരുമായി ഓടിക്കളിച്ചു രസിച്ചു.

*പരീക്ഷിത്ത് ചോദിച്ചു:*
ധർമ്മം കാത്തുസൂക്ഷിക്കാനായി കൃഷ്ണനായി അവതരിച്ച ഭഗവാൻ എന്തുകൊണ്ടാണ് പരപുരുഷ കളത്രങ്ങളുമായി ഇങ്ങിനെ ലീലയാടാനിടവന്നത്?

*ശുകമുനി പറഞ്ഞു:*
ചിലപ്പോൾ മഹാത്മാക്കളുടെ പെരുമാറ്റത്തിൽ ധർമ്മച്യുതിയെന്നു തോന്നിയേക്കാവുന്ന ചിലതെല്ലാം കാണപ്പെട്ടുവെന്നിരിക്കാം. എന്നാൽ അവ മഹാത്മാക്കളെ കളങ്കപ്പെടുത്തുന്നില്ല തന്നെ. വിജ്ഞാനിയായ ഒരുവൻ ഈ മഹാത്മാക്കളുടെ ആചാരങ്ങളിലും പെരുമാറ്റങ്ങളിലും തനിക്കു ചിതമായിട്ടുള്ളവയെ മാത്രമേ സ്വീകരിക്കുകയുള്ളു. മറ്റുള്ളവരുടെ കാഴ്ചക്ക് വിധേയമായവയെ അവർ സ്വാംശീകരിക്കുകയില്ല. സ്വേച്ഛ കൂടാതെ യാദൃശ്ചികമായി അഹംഭാവത്തെ വെന്നവർ ചെയ്യുന്ന ഏതൊരു കർമ്മവും നിസ്വാർത്ഥമത്രെ. അത്തരം ചെയ്തികൾക്ക് സദാചാരനിയമങ്ങളും ശാസ്ത്രങ്ങളും ബാധകമല്ല. ഏറ്റവും കൊടിയ പാപിയെപോലും നിർമ്മലമാക്കാൻ അവിടുത്തെ പാദരേണുക്കൾക്ക് കഴിയുമ്പോൾ ഭഗവാൻ ചെയ്യുന്ന യാതൊരു പ്രവൃത്തിയിലും പാപത്തിൻെറ കറയുണ്ടാവുന്നതെങ്ങിനെ? കൃഷ്ണൻ ഗോപികമാരുടെ അന്തര്യാമിയത്രെ. അവരുടെ ഭർത്താക്കൻമാർക്ക് അതുകൊണ്ട് കൃഷ്ണനോട് യാതൊരു വിരോധവും ഉണ്ടായിരുന്നില്ല. രാസലീല കഴിഞ്ഞ് പ്രഭാതം വിടരുന്നതിനുമുൻപ് മനസ്സില്ലാമനസോടെ ഗോപികമാർ വീട്ടുകളിലേക്ക് മടങ്ങി. കൃഷ്ണകഥയിലെ മഹത്തായ ഉപാഖ്യാനം കേൾക്കുന്നവന് തീർച്ചയായും ആത്മനിയന്ത്രണവും കൃഷ്ണഭക്തിയുടെ അനുഗ്രഹവും ലഭ്യമത്രെ.